പോലീസേതര വകുപ്പിൽ ജോലി ചെയ്യുന്ന ഐ. പി. എസ്സ്.
ഉദ്യോഗസ്ഥൻമാർ

1250 [2000] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഐ. പി. എസ്സ്. ഉദ്യോഗസ്ഥൻമാരിൽ എത്ര പേർ പോലീസേതര വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്നു. അവരുടെ സേവനം പോലീസ് വകുപ്പിനു മാത്രം ലഭിക്കത്തക്ക വിധം തിരികെ ആ വകുപ്പിൽത്തന്നെ നിയോഗിക്കുവാൻ ഉത്തരവുണ്ടാകുമോ ?

ഉത്തരം

ഒൻപതു പേർ. ഇവരെ തിരികെ പോലീസ് വകുപ്പിലേക്ക് ഇപ്പോഴും മാറ്റി നിയമിക്കേണ്ട ആവശ്യമില്ല.

ഹോട്ടലുകളിൽ താമസിക്കുന്ന ഉയർന്ന ഗവൺമെന്റ് ജീവനക്കാർ

1251 [2002] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ എത്ര സ്റ്റേറ്റസ്, റീജിയണൽ, ജില്ലാ ആഫീസർമാർ ഹോട്ടലുകളിൽ ഗവൺമെന്റ് ഫോൺ സ്ഥാപിച്ചു കൊണ്ടും അല്ലാതെയും താമസിക്കുന്നുണ്ട്;

(ബി) ഇവരിൽ എത്ര പേർ ബാർ അറ്റാച്ച്ഡ് ഹോട്ടലുകളിൽ താമസിക്കുന്നുണ്ട്;

(സി) അവരുടെ പേരുകൾ പ്രസിദ്ധീകരിക്കാമോ;

(ഡി) ഇത്തരം താമസങ്ങൾ നിരോധിക്കാൻ ഗവൺമെന്റ് നടപടി എടുക്കുമോ ?

ഉത്തരം

(എ) ലഭ്യമായ വിവരമനുസരിച്ച് ഒരു സ്റ്റേറ്റസ് ആഫീസർ ലോഡ്ജിൽ ഗവൺമെന്റ് വക ഫോൺ സ്ഥാപിച്ചു കൊണ്ട് താമസിക്കുന്നുണ്ട്. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

(ബി) ലഭ്യമായ വിവരമനുസരിച്ച് ആരുമില്ല. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly